**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri V Sivankutty**<br>**(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ വയനാട് ജില്ലയിലെ ട്രൈബൽ വിദ്യാർത്ഥികൾക്കും ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ ഇതര വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് കണക്ടിവിറ്റി, സ്മാർട്ട്ഫോൺ, ടെലിവിഷൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020-21 വർഷം സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഈ വർഷം ഇത്തരം സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികളെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ആദിവാസി മേഖലകളിലും, മലയോര മേഖലകളിലും പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകളുടെ അടിസ്ഥാന സൗകര്യം എല്ലാ കുട്ടികൾക്കും ഒരുക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിലെ ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. പൊതുപഠന കേന്ദ്രങ്ങൾ വിപുലപ്പെടുത്തിയും ഉപകരണങ്ങൾ ലഭ്യമാക്കിയും ഡിജിറ്റൽ വീഡിയോ ക്ലാസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് എത്രമാത്രം ഫലപ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്; ഓൺലൈൻ പഠനത്തിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് എസ്.സി.ഇ. ആർ.ടിയും തിരുവനന്തപുരം സർക്കാർ വനിതാകോളജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെൻററും സംയുക്തമായി പഠനം നടത്തിയിട്ടുണ്ട്.കോവിഡ്-19 സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ പ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ പഠനം വിഭാവനം ചെയ്യപ്പെട്ടത്. കോവിഡ് കാലത്തെ സ്കൂൾ വിദ്യാർത്ഥികളുടെയും കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമൂഹികവും മാനസികാരോഗ്യ സംബന്ധിയുമായ അവസ്ഥകളാണ് പഠനത്തിന്റെ വിഷയം. കോവിഡ് |

| | | | |
|---|---|---|---|
| | | | മഹാമാരി സൃഷ്ടിക്കുന്ന വിദ്യാഭ്യാസപരവും മാനസികവുമായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതാണ് പഠനത്തിന്റെ ഉദ്ദേശ്യം. കോവിഡ്19-ന്റെ ഭീഷണി ഒഴിയാതെ നിൽക്കുന്ന നിലവിലെ സാഹചര്യത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗം കൈക്കൊള്ളേണ്ട നടപടികളും മുൻകരുതലുകളും കൈക്കൊള്ളാൻ ഈ ഗവേഷണത്തിന്റെ കണ്ടെത്തലുകൾ സഹായകമാകും. |

സെക്ഷൻ ഓഫീസർ